**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 726** **09-08-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് മീറ്റർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീമതി ഉമ തോമസ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വിതരണ രംഗം നവീകരിക്കുന്നതിനുള്ള രണ്ടാംഘട്ട പദ്ധതിക്കായി എത്ര കോടി രൂപയുടെ പ്രോജക്ട് ആണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിൽ എത്ര കോടി രൂപയാണ് കേന്ദ്ര സഹായമായി ലഭിക്കുന്നത്; പ്രസ്തുത ഗ്രാന്റ് തിരിച്ചടയ്ക്കേണ്ടാത്ത ഗ്രാന്റ് ആണോ; വിശദാംശം നൽകുമോ; | (എ) | വിതരണ – ഉപ പ്രസരണ നവീകരണ പ്രവൃത്തികൾക്കായി 2230.60 കോടി രൂപയും വിതരണ മേഖലയിലെ അടിസ്ഥാന വികസന പ്രവൃത്തികൾക്കായി 10895.93 കോടി രൂപയും (35.46 കോടി രൂപയുടെ ട്രൈബൽ കോളനി വൈദ്യുതീകരണ പ്രവർത്തികളും ഉൾപ്പെടെ) ഉൾപ്പെടെ ആകെ 13126.53 കോടി രൂപയുടെ അധിക പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പദ്ധതികൾക്ക് പൂർണ്ണമായും അംഗീകാരം ലഭിച്ചാൽ 7875.92 കോടി രൂപ കേന്ദ്രസർക്കാരിന്റെ ധനസഹായം ലഭിക്കാൻ സാധ്യതയുണ്ട്. ഗ്രാന്റ് തുക തിരിച്ചടക്കേണ്ടതില്ല. |
| (ബി) | സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കിയില്ലെങ്കിൽ വൈദ്യുതി വിതരണ രംഗം നവീകരിക്കുന്നതിനുള്ള രണ്ടാംഘട്ട ഗ്രാന്റ് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ ഗ്രാന്റ് ആണ് ഈ രീതിയിൽ നഷ്ടമാവുക; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ആദ്യഘട്ട വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾക്ക് 2235.78 കോടി രൂപയ്ക്കാണ് അനുമതി ലഭിച്ചത്. ഇതിൽ 1341.47 കോടി രൂപയാണ് കേന്ദ്ര ഗ്രാന്റ്. RDSS പദ്ധതിയുടെ വിതരണ മേഖലയിലെ അടിസ്ഥാന വികസന പ്രവൃത്തികൾക്കുള്ള ഗ്രാന്റ് ലഭിക്കുന്നതിന് സ്മാർട്ട് മീറ്റർ സ്ഥാപിക്കാനുള്ള പ്രവൃത്തികൾ RDSS മാർഗ്ഗരേഖ പ്രകാരം സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.<br><br>RDSS പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഏകദേശം 37 ലക്ഷം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനു വേണ്ടി DBFOOT അടിസ്ഥാനത്തിൽ TOTEX രീതിയിൽ ടെണ്ടർ ക്ഷണിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ടെൻഡറുകളിൽ L1 Bidder Quote ചെയ്തിരുന്ന തുക Probable Amount of Contract (PAC) - നെക്കാൾ 44.8% കൂടുതലായിരുന്നു. സാധാരണക്കാരിൽ അധിക സാമ്പത്തിക ബാധ്യത അടിച്ചേൽപ്പിക്കുമെന്നതിനാൽ KSEBL വിളിച്ച ടെൻഡർ റദ്ദാക്കുവാനും സാധാരണക്കാരെ |

| | | | |
|---|---|---|---|
| | | | ബാധിക്കാത്ത തരത്തിലുള്ള സ്മാർട്ട് മീറ്റർ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കി മൂന്ന് മാസത്തിനകം നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാനും KSEBL - ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരം വേണ്ട തുടർ നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചു വരുന്നു. സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാൻ 15.07.2023 മുതൽ മൂന്ന് മാസത്തെ സാവകാശം അനുവദിക്കുവാൻ കേന്ദ്ര സർക്കാരിനോട് 08.07.2023 ലെ കത്ത് പ്രകാരം സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യ ഘട്ടത്തിന്റെ സമയപരിധി മൂന്ന് മാസം ദീർഘിപ്പിക്കാൻ ബഹു. കേന്ദ്ര വൈദ്യുതി വകുപ്പ് മന്ത്രിയോട് 26.07.2023 ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | ഇപ്രകാരം കേന്ദ്രത്തിന്റെ തിരിച്ചടയ്ക്കേണ്ടാത്ത ഗ്രാന്റ് നഷ്ടമായാൽ കേന്ദ്ര സഹായം ഇല്ലാതെ ഒറ്റയ്ക്ക് വൈദ്യുതി വിതരണ രംഗം നവീകരിക്കേണ്ടതിന് വരുന്ന ബാദ്ധ്യത ഉപഭോക്താക്കളുടെ മേൽ ചുമത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ